**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3678** **12-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ ടൂർ പാക്കേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.-യ്ക്ക് ടൂർ പാക്കേജുകൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ടൂറിസം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്.<br><br>പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരുന്നത്. |
| (ബി) | നിലവിലുള്ള ടൂർ പാക്കേജുകളുടെ വിശദമായ ലിസ്റ്റ് അനുബന്ധമായി നൽകാമോ ; | (ബി) | ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ വർഷം ടൂർ പാക്കേജുകൾ ഉപയോഗിച്ചവരുടെ എണ്ണം അറിയിക്കാമോ; | (സി) | 2024 ജനുവരി മുതൽ ഡിസംബർ വരെ 323511 യാത്രക്കാർ കെ.എസ്.ആർ.ടി.സി.യുടെ ടൂർ പാക്കേജുകൾ ഉപയോഗിച്ചിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യുടെ ടൂർ പാക്കേജുകൾ വിപുലീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് അറിയിക്കാമോ? | (ഡി) | ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു;<br><br>• ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.<br>• IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.<br>• ''കെ.എസ് ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ'' എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ് / ഹോം സ്റ്റേ / ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയ്ക്കും അന്തിമ രൂപം നൽകി വരുന്നു.<br>• ''കെ.എസ്.ആർ.ടി.സി. റിഫ്രഷ്'' എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ / റെസ്റ്റോറന്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കെ. എസ്. ആർ. ടി. സി ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി നടത്തിവരുന്ന ടൂർ പാക്കേജുകളുടെ ലിസ്റ്റ്.

**പാക്കേജിന്റെ പേര്**

- മൂന്നാർ
- ഗവി
- നെഫെർറ്റിറ്റി
- മലക്കപ്പാറ
- വാഗമൺ
- ജംഗിൾ സഫാരി - മൂന്നാർ
- വയനാട്
- നെല്ലിയാമ്പതി
- നാലമ്പലം
- ഡബിൾ ഡക്കർ - തിരു. സിറ്റി റൈഡ് & മൂന്നാർ റോയല് വ്യൂ
- കുമരകം ഹൗസ് ബോട്ട്
- സൈലന്റ് വാലി
- ശബരിമല തീർഥാടനം
- മാമലക്കണ്ടം
- തിരുവൈരാണികുളം
- സാഗർറാണി
- കൊട്ടിയൂർ ക്ഷേത്ര ദർശനം
- ജംഗിൾ സഫാരി – ബത്തേരി
- *മൺറോതുരുത്ത് – സാംബ്രാനികോടി*
- പൊൻമുടി
- ചതുരംഗപ്പാറ
- മൂകാംബിക
- മൂന്നാർ - കാന്തലൂർ
- റോസ് മല
- ഇഞ്ചത്തൊട്ടി
- ഇടുക്കി
- വട്ടവട
- വണ്ടർലാ

- ആലപ്പുഴ ഹൌസ് ബോട്ട്
- തിരുവനന്തപുരം പിൽഗ്രിം പാക്കേജ്
- കൃപാസനം
- വയനാട് പൂപ്പൊലി ഫെസ്റ്റ്
- ഇല്ലിക്കൽക്കൽ
- രാമക്കൽമേട്
- സൂര്യാംശു ബോട്ടിംഗ്
- കന്യാകുമാരി
- തെന്മല – പാലരുവി
- കൊളുക്കുമല
- കുംഭാവുരുട്ടി – അച്ചൻകോവിൽ
- അഞ്ചുരുളി
- മണ്ണാറശാല
- അടവി
- കാപ്പുകാട്
- വേളാങ്കണ്ണി
- അരിപ്പ
- ജാനകിക്കാട്
- ഗുരുവായൂർ
- ഊട്ടി
- തിരുനെല്ലി
- കടമക്കുടി
- മൈസൂർ
- കുമിളി

**ചീഫ് ട്രാഫിക് മാനേജർ (ബി.ടി.സി)**